**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകാലശാലകളിലെ സർട്ടിഫിക്കറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സർവ്വകാലശാലകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, എം.ഫിൽ., പി.എച്ച്.ഡി., തുടങ്ങിയ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകളോടൊപ്പം ഫീസ് അടച്ച് അപേക്ഷ നൽകുന്ന ക്രമത്തിൽ പരിശോധന നടത്തി പ്രിന്റ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ താമസംവിനാ വൈസ് ചാൻസലറുടെ ഒപ്പിനു വേണ്ടി സമർപ്പിക്കുകയും രജിസ്റ്റേർഡ് പോസ്റ്റ് ആയി അയച്ചു കൊടുക്കുകയും ചെയ്യുന്നു. കാലതാമസം കൂടാതെ വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി സർവ്വകലാശാല ഡിജിറ്റൽ ഡിഗ്രി സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഈ സംവിധാനത്തിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഡിജിറ്റൽ ഡിഗ്രി പോർട്ടലിൽ തന്നെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ പ്രോസസിങ്ങും വെരിഫിക്കേഷനും നടത്തി വൈസ് ചാൻസലറുടെ ഡിജിറ്റൽ സിഗ്നേച്ചറോടുകൂടി വിതരണം ചെയ്യുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഓർഡിനറി അടിയന്തിരം, ഫാസ്റ്റ് ട്രാക്ക് എന്നീ രീതികളിലൂടെ നൽകി വരുന്നുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പഠന പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ ഫലം പ്രസിദ്ധീകരിച്ചത് സിൻഡിക്കേറ്റിന്റെയും ബിരുദദാനത്തിന് അക്കാദമിക് കൗൺസിലിന്റെയും അംഗീകാരം ലഭിച്ചതിനു ശേഷം അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദം, എം.ഫിൽ എന്നീ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുടെ പൊതുസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബിരുദ/ബിരുദാനന്തര ബിരുദം വിജയിച്ച വിദ്യാർത്ഥികൾക്ക് എക്സ്പ്രസ് രീതിയിൽ 4500 രൂപ ഫീസ് ആയി ഈടാക്കിയതിനു ശേഷം 3 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. ഫാസ്റ്റ് ട്രാക്ക് രീതിയിൽ 1500 രൂപ ഫീസ് ആയി ഈടാക്കിയതിനു ശേഷം 10 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. നോർമൽ രീതിയിൽ 500 രൂപ ഫീസ് ആയി ഈടാക്കിയതിനു ശേഷം 45 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ എന്നിവ സമയബന്ധിതമായി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ റിസൽട്ട് പ്രസിദ്ധീകരിച്ച് പരമാവധി രണ്ട് മാസത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് നൽകാറുണ്ട്. |
| (ബി) | പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്നും ഇവയിൽ എത്ര എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളും ഇവയിൽ തീർപ്പാക്കിയവയുടെ എണ്ണവും സർവ്വകലാശാല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോവിഡ് കാലത്ത് സർവ്വകലാശാലകളിൽ നിന്ന് പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയവർക്ക് അവാർഡ് ദാന ചടങ്ങിലൂടെ സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2021-ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സുവർണ്ണജൂബിലി വർഷം പ്രമാണിച്ച് പ്രത്യേക കോൺവൊക്കേഷൻ ചടങ്ങ് നടക്കുകയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ ചടങ്ങിൽ വച്ച് വിവിധ ഫാക്കൽറ്റികളിലെ പി.എച്ച്.ഡി ബിരുദം നേടിയ വിദ്യാർത്ഥികൾക്കും, സർവ്വകലാശാലയുടെ ഓരോ കോഴ്സുകളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും സർവ്വകലാശാലയുടെ ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണ്ണർ സർട്ടിഫിക്കറ്റ് വിതരണം നടത്തി. മറ്റ് വിദ്യാർത്ഥികൾ ഓൺലൈൻ മാധ്യമങ്ങളിൽ കൂടെ ചടങ്ങിൽ പങ്കെടുത്തു. |
| (ഡി) | സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകിയാലും അവ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സർവ്വകലാശാലകൾ | അപേക്ഷ ലഭിച്ചത് | നടപടി എടുത്തവ |
|---|---|---|
| എം.ജി. സർവ്വകലാശാല, | 2020-21 അക്കാദമിക വർഷം 1,11,822 അപേക്ഷകൾ ലഭിച്ചു | 91,752 |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | നോർമൽ ട്രാക്കിലുള്ള ബിരുദ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകളിൽ ഒക്ടോബർ 2021 വരെയും, ഫാസ്റ്റ് ട്രാക്ക് ഫെബ്രുവരി 2022 വരെയും നൽകിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകളിൽ നോർമൽ ട്രാക്ക് ഡിസംബർ 2021 വരെയും ഫാസ്റ്റ് ട്രാക്ക് ഫെബ്രുവരി 2022 വരെയും നൽകിയിട്ടുണ്ട് . ബിരുദ സർട്ടിഫിക്കറ്റുകളുടെ 90 നോർമൽ ട്രാക്കിലുള്ള അപേക്ഷകളിലും ബിരുദാനന്തര ബിരുദത്തിന്റെ 60 അപേക്ഷകളിലും ഫയൽ നടപടികൾ കൈക്കൊണ്ടു വരുന്നു. | |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 2113 | 2076 |
| തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | ബിരുദാനന്തര ബിരുദം , എം.ഫിൽ എന്നീ സർട്ടിഫിക്കറ്റുകളുടെ വിതരണം കോഴ്സ് കഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽ തന്നെ പൂർത്തിയാക്കുന്നുണ്ട്. പി.എച്ച്.ഡിയുടെ ആറ് അപേക്ഷകൾ മാത്രമാണ് തീർപ്പു കൽപ്പിക്കാനുള്ളത്. | |
| നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | എല്ലാ വിതരണം ചെയ്തിട്ടുണ്ട്. | |
| എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി | 69742 | 68993 |

സെക്ഷൻ ഓഫീസർ